# Athmaraksha.org

ജപമാല

## സർവ്വ ജനപദങ്ങളുടെയും നാഥയുടെ ജപമാല-Rosary



## സർവ്വ ജനപദങ്ങളുടെയും നാഥയുടെ ജപമാല

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരേണമേ, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നു വേണ്ടുന്ന ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിയ്ക്കണമേ. ആമ്മേൻ

നന്മനിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിന്റെ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും, ഞങ്ങളുടെ മരണസമയത്തും, തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

### മാതാവ് പഠിപ്പിച്ച പ്രാർത്ഥന

ക്രിസ്തുനാഥാ, പിതാവിന്റെ പുത്രാ, അങ്ങയുടെ അരൂപിയെ ഇപ്പോൾ ഭൂമിയിലേക്കയക്കേണമെ സർവജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കട്ടെ! അതുവഴി ധാർമ്മികാധ:പതനം, ദുരന്തങ്ങൾ,യുദ്ധം ആദിയായവയിൽനിന്നും അവർ സംരക്ഷിക്കപ്പെടട്ടെ. ഒരിക്കൽ മറിയമായിരുന്ന,സർവ്വജനപദങ്ങളുടെയും നാഥ ഇപ്പോൾ ഞങ്ങളുടെ അഭിഭാഷകയായിരിക്കട്ടെ. (1 പ്രാവശ്യം)

സഹരക്ഷകയായ സർവ്വജനപദങ്ങളുടെയും നാഥേ ഞങ്ങളുടെ (നിയോഗം) അഭിഭാഷകയും മദ്ധ്യസ്ഥയും ആയിരിക്കേണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും, ആമ്മേൻ

ഈ പ്രാർത്ഥന ആവർത്തിച്ച് 5 പ്രാവശ്യം ചൊല്ലുക
നിയോഗം = വ്യക്തിപരമായ ആവശ്യം സമർപ്പിക്കുക

+++